I/145697/2024

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**
വഞ്ചിയൂർ.പി.ഒ, തിരുവനന്തപുരം, പിൻ -695035
ഫോൺ: 04712302490 ഫാക്സ്:04712303025/20303080
**ഇ-മെയിൽ** :dhskerala.hlth@kerala.gov.in
**വെബ്സൈറ്റ്:** www.dhs.kerala.gov.in

നംഎം എച്ച്4/2482 /2022/ആ വ ഡാ — തീയതി: 28-01-2024

സ്വീകർത്താവ്

ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം)
തിരുവനന്തപുരം/ കൊല്ലം/പത്തനംതിട്ട / ആലപ്പുഴ /
കോട്ടയം/ ഇടുക്കി / എറണാകുളം/ തൃശ്ശൂർ/ പാലക്കാട് /
മലപ്പുറം/ കോഴിക്കോട് / വയനാട് / കണ്ണൂർ/ കാസർഗോഡ്

| | |
|---|---|
| വിഷയം: | ആ വ ഡാ - മെഡിസെപ് - എംപാനൽ ചെയ്യാത്ത ആശുപത്രികളിലെ അടിയന്തിര ചികിത്സയ്ക്കുള്ള Re-imbursement ചെയ്യുന്നത് സംബന്ധിച്ച് ഭേദഗതി വരുത്തിയ സർക്കുലർ -സംബന്ധിച്ച് |
| സൂചന : | സർക്കുലർ നം .1 / 2024 /ധന ധനകാര്യ (ഹെൽത്ത് ഇൻഷുറൻസ്) വകുപ്പ് തീയതി 05 / 01 / 2024 |

മെഡിസെപ്പിൽ എംപാനൽ ചെയ്യാത്ത ആശുപത്രികളിലെ അടിയന്തിര ചികിത്സയ്ക്ക് Re-imbursement ചെയ്യുന്നത് സംബന്ധിച്ച് ഭേദഗതി വരുത്തിയ സർക്കുലർ അറിവിലേക്കും തുടർ നടപടികൾക്കുമായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു .

വിശ്വസ്തതയോടെ

Signed by
Dr Nandakumar K V
Date: 28-01-2024 14:30:32

DR NANDAKUMAR K V
ADDITIONAL DIRECTOR (MEDICAL AND HOSPITAL ADMINISTRATION)

**കേരള സർക്കാർ**

**ധനകാര്യ (ഹെൽത്ത് ഇൻഷ്വറൻസ്) വകുപ്പ്**

**<u>പരിപത്രം</u>**

**നം. 1/2024/ധന** **തിരുവനന്തപുരം, തീയതി: 05/01/2024**

വിഷയം:- സംസ്ഥാന സർക്കാർ ജീവനക്കാരുടേയും പെൻഷൻകാരുടേയും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (MEDISEP) - എംപാനൽ ചെയ്യാത്ത ആശുപത്രികളിലെ അടിയന്തര ചികിത്സകൾക്കുള്ള റീ-ഇംപേഴ്സ്മെന്റ് - ഭേദഗതി വരുത്തിയ നിർദ്ദേശം പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന :- 1)സ.ഉ.(അച്ചടി)നം.70/2022/ധന തീയതി 23/06/2022

2)സർക്കുലർ നം.18/2023/ധന തീയതി 17/02/2023

3)22-മത്തെ ഓൺലൈൻ മെഡിസെപ് അവലോകന യോഗത്തിന്റെ മിനുട്സ്

സംസ്ഥാന സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപ് സൂചന (1) -ലെ സർക്കാർ ഉത്തരവ് പ്രകാരം 01/07/2022 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനിയുമായി സർക്കാർ ഒപ്പുവെച്ച ധാരണപത്രം (MoU) പ്രകാരം വാഹനാപകടം, പക്ഷാഘാതം, ഹൃദയാഘാതം എന്നീ അടിയന്തിര സാഹചര്യങ്ങളിൽ മാത്രം മെഡിസെപ് -ൽ എംപാനൽ ചെയ്യപ്പെട്ടിട്ടില്ലാത്ത ആശുപത്രികളിൽ ചെയ്യുന്ന അടിയന്തര ചികിത്സ/ശസ്ത്രക്രിയകൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി ഇൻഷ്വറൻസ് കമ്പനി റീ-ഇംപേഴ്സ്മെന്റ് അനുവദിക്കുന്നതാണെന്നും ഇത്തരത്തിൽ റീ-ഇംപേഴ്സ്മെന്റിനായി അപേക്ഷിക്കുന്നതിനുള്ള ക്ലെയിം ഫോം ഡൗൺലോഡ് ചെയ്ത് പ്രിന്റെടുത്ത് കൃത്യമായി

പൂരിപ്പിച്ച് സ്കാൻ ചെയ്ത് medisep@orientalinsurance.co.in എന്ന ഇമെയിൽ വിലാസത്തിൽ ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനിക്ക് അയക്കേണ്ടതാണെന്നും സൂചന (2) സർക്കുലർ മുഖാന്തരം മുൻപ് നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു.

എന്നാൽ മേൽ സൂചിപ്പിച്ച അടിയന്തര സാഹചര്യങ്ങൾ കൂടാതെ, എംപാനൽ ചെയ്യപ്പെട്ടിട്ടില്ലാത്ത ആശുപത്രികളിൽ ചെയ്യുന്ന എല്ലാ ചികിത്സകൾക്കും റീ-ഇംബേഴ്സ്മെന്റ് ആവശ്യപ്പെട്ടുകൊണ്ട് ധാരാളം അപേക്ഷകൾ അനുബന്ധ രേഖകൾ സഹിതം നിത്യേന ഇമെയിൽ മുഖേന ലഭിക്കുന്നതായും അവ പരിശോധിക്കുന്നതിന് സാങ്കേതിക ബുദ്ധിമുട്ട് നേരിടുന്നതായും ഇൻഷ്വറൻസ് കമ്പനി സർക്കാരിനെ അറിയിച്ചിരുന്നു. ആയതിനാൽ സൂചന (3)-ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വാഹനാപകടം, പക്ഷാഘാതം, ഹൃദയാഘാതം എന്നീ അടിയന്തര സാഹചര്യങ്ങളിൽ മാത്രം മെഡിസെപ്-ൽ എംപാനൽ ചെയ്യപ്പെട്ടിട്ടില്ലാത്ത ആശുപത്രികളിൽ ചെയ്യുന്ന അടിയന്തര ചികിത്സ/ശസ്ത്രക്രിയകൾക്ക് വിധേയരാകുന്നവർ ഇനിമുതൽ ചുവടെ പറയുന്ന രീതിയിൽ റീ-ഇംബേഴ്സ്മെന്റ് അപേക്ഷ സമർപ്പിക്കേണ്ടതാണ് :

അപേക്ഷകന്റെ മെഡിസെപ് ഐ.ഡി., എന്ത് ചികിത്സയ്ക്കാണ് വിധേയമായതെന്നു സംബന്ധിച്ച വിവരം, ആശുപത്രിയുടെ പേര് എന്നിവ സൂചിപ്പിച്ചുകൊണ്ടുള്ള ഒരു ഇമെയിൽ സന്ദേശം medisep@orientalinsurance.co.in എന്ന വിലാസത്തിൽ ഇൻഷ്വറൻസ് കമ്പനിക്ക് അയക്കേണ്ടതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ അപേക്ഷകന് റീ-ഇംബേഴ്സ്മെന്റ് ലഭിക്കുവാൻ അർഹതയുണ്ടോയെന്ന് പരിശോധിച്ച് റീ-ഇംബേഴ്സ്മെന്റ് അപേക്ഷയും അപേക്ഷകൻ സമർപ്പിക്കേണ്ടുന്ന രേഖകൾ ഏതൊക്കെയാണെന്നും ഇൻഷ്വറൻസ് കമ്പനി ഇമെയിൽ മുഖേന അപേക്ഷകനെ അറിയിക്കുന്നതാണ്.

**ഷിബു എ.**
**അഡീഷണൽ സെക്രട്ടറി**

പകർപ്പ്:-
എല്ലാ വകുപ്പ് മേധാവികൾക്കും
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം

രജിസ്ട്രാർ, എല്ലാ സർവകലാശാലകൾക്കും

ബഹു. ഗവർണറുടെ സെക്രട്ടറി

ബഹു. മുഖ്യമന്ത്രിയുടേയും മറ്റു മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ

ബഹു. പ്രതിപക്ഷ നേതാവിന്റേയും ഗവൺമെന്റ് ചീഫ് വിപ്പിന്റേയും പ്രൈവറ്റ് സെക്രട്ടറിമാർ

ബഹു. സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി/എക്സ്പെൻഡിച്ചർ സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി, അഡീഷണൽ

സെക്രട്ടറി/ജോയിന്റ് സെക്രട്ടറി/ഡെപ്യൂട്ടി സെക്രട്ടറി/അണ്ടർ സെക്രട്ടറിമാർ

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

പബ്ലിക് റിലേഷൻസ് വകുപ്പ്

നോഡൽ ഓഫീസർ , www.finance.kerala.gov.in

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (File No. HI-3/219/2023-Fin, E-2652474)

ഉത്തരവിൻ പ്രകാരം

GaneshAH

സെക്ഷൻ ഓഫീസർ